# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3683 11.12.2018 -ലെ മറുപടിയ്ക്ക്

### എം.ജി. സർവ്വകലാശാലയിലെ സയന്റിസ്റ്റ് കം അനലിസ്റ്റ് നിയമനം

ചോദ്യം

ശ്രീ.പി.സി. ജോർജ് :

ഉത്തരം

**ഡോ.കെ.ടി.ജലീൽ**

(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി )

| | | | |
|---|---|---|---|
| (എ) | എം. ജി. സർവ്വകലാശാലയിൽ പ്രവർത്തിക്കുന്ന ഐ.ഐ.ആർ.ബി.എസ്. എന്ന സ്ഥാപനത്തിൽ സയന്റിസ്റ്റ് കം അനലിസ്റ്റ് എന്ന തസ്തികയിൽ ഈ വർഷം പുതിയതായി ആരെയെങ്കിലും നിയമിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | നിയമിച്ചിട്ടുണ്ട്. ശ്രീ. സുനിൽകുമാർ പി.എൻ. അരുണോദയം, ഹെറിറ്റേജ് ബി -103, കിടങ്ങൂർ, അങ്കമാലി എന്നയാളെയാണ് നിയമിച്ചിരിക്കുന്നത്. |
| (ബി) | പ്രസ്തുത തസ്തികയുടെ നിയമന രീതി വിശദമാക്കാമോ; | (ബി) | നിലവിൽ താൽകാലിക അടിസ്ഥാനത്തിലാണ് ടിയാനെ നിയമിച്ചിരിക്കുന്നത്. തുടർന്ന് മൂന്നു മാസത്തിനുള്ളിൽ ആവശ്യമായ യോഗ്യതയും പ്രവൃത്തി പരിചയവും നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിച്ച് കരാറടിസ്ഥാനത്തിൽ എൻ.എം.ആർ. സയന്റിസ്റ്റ് കം അനലിസ്റ്റിന്റെ താൽകാലിക തസ്തികയിലേക്ക് ഒരാളെ നിയമിക്കുന്നതിനും കരാർ കാലാവധി മൂന്നു വർഷമായും നിജപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. അതനുസരിച്ച് ആവശ്യമായ യോഗ്യതയും പ്രവൃത്തിപരിചയവും നിശ്ചയിച്ചിട്ടുണ്ട്. തുടർ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടി |

| | | | |
|---|---|---|---|
| | | | ക്രമങ്ങൾ സർവ്വകലാശാല എടുത്തുവരികയാണ്. |
| (സി) | പ്രസ്തുത തസ്തികയിൽ നിയമിക്കപ്പെട്ട വ്യക്തിയുടെ പേരും വിവരവും നിയമന ഉത്തരവിന്റെ പകർപ്പും ലഭ്യമാക്കുമോ; | (സി) | പ്രസ്തുത തസ്തികയിൽ നിയമിക്കപ്പെട്ട വ്യക്തിയുടെ പേരും വിവരവും ഉൾപ്പെടുന്ന നിയമന ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ഇതോടൊപ്പം ചേർക്കുന്നു. |
| (ഡി) | പ്രസ്തുത നിയമനം ലഭിച്ച ഉദ്യോഗസ്ഥൻ ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പേഴ്സണൽ സ്റ്റാഫിൽ ഉള്ള ആരുടെയെങ്കിലും ബന്ധുവാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ? | (ഡി) | ശ്രദ്ധയിൽപെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം

മഹാത്മാഗാന്ധി സർവ്വകലാശാല
(സംഗ്രഹം)

ഭരണനിർവ്വഹണം - സർവ്വകലാശാലയിലെ ഐ.ഐ.ആർ.ബി.എസ്. ലാബ് - സുനിൽ കുമാർ പി.എൻ. - സയന്റിസ്റ്റ് കം അനലിസ്റ്റ് നിയമനം - തുടർ വിജ്ഞാപനം - നിരീക്ഷണ സമിതി - എ.എം.സി./മെയിന്റനൻസ് സംവിധാനങ്ങൾ തുടങ്ങിയവ സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഭരണവിഭാഗം എ-4 സെക്ഷൻ

നം. 6341എ4/1/2018/ഭരണവിഭാഗം

തീയതി, പി.ഡി.ഹിൽസ്, 31.08.2018

പരാമർശം: 30.08.2018 തീയതിയിലെ സിൻഡിക്കേറ്റ് തീരുമാന മിനിറ്റ്സ് നമ്പർ ഒ.എ. 6/18.07.

ഉത്തരവ്

സർവ്വകലാശാലയിൽ നിലവിൽ സ്ഥാപിച്ചിട്ടുള്ളതും ഉടനെ വാങ്ങാൻ ഉദ്ദേശിക്കുന്നതുമായ എൻ.എം. ആർ. മെഷീനുകൾ എല്ലാ പഠനവകുപ്പികളിലേയും സെന്ററുകളിലേയും വിദ്യാർത്ഥികൾക്കും ഉപയോഗപ്രദമാക്കുന്നതിന്റെ അടിയന്തിര ആവശ്യം പരിഗണിച്ച് ഈ മേഖലയിൽ അന്താരാഷ്ട്ര നിലവാരത്തിൽ വൈദഗ്ദ്യമുള്ളയാളും ജർമ്മനി ജപ്പാൻ തുടങ്ങിയ വിദേശ രാജ്യങ്ങളിൽ എൻ.എം.ആർ. മെഷീനുമായി ബന്ധപ്പെട്ട ഗവേഷണത്തിലും ജോലിയിലും ഏർപ്പെട്ടിരുന്നയാളുമായ ശ്രീ. സുനിൽകുമാർ പി. എൻ., അരുണോദയം, ഹെറിറ്റേജ് ബി-103, കിടങ്ങൂർ, അങ്കമാലി-യെ താല്ക്കാലികമായി സർവ്വകലാശാലയിലെ എൻ.എം. ആർ. സയന്റിസ്റ്റ് കം അനലിസ്റ്റായി 01.09.2018 മുതൽ നിയമിക്കുന്നതിനും പ്രതിമാസ വേതനമായി അദ്ദേഹത്തിന് എൻ.ഐ.റ്റി.യിൽ വേതനമായി ലഭിച്ചുകൊണ്ടിരുന്ന 50,000/- രൂപ (അൻപതിനായിരം രൂപ മാത്രം) നൽകുന്നതിനും തീരുമാനിച്ചു.

ഇതിനു പുറമേ മൂന്നു മാസത്തിനുള്ളിൽ ആവശ്യമായ യോഗ്യതയും പ്രവൃത്തി പരിചയവും നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിച്ച് കരാടിസ്ഥാനത്തിൽ എൻ.എം.ആർ. സയന്റിസ്റ്റ് കം അനലിസ്റ്റിന്റെ താൽക്കാലിക തസ്തികയിലേക്ക് ഒരാളെ നിയമിക്കുന്നതിനും കരാർ കാലാവധി മൂന്നു വർഷമായും ആദ്യ വർഷം പ്രതിമാസവേതനം 50,000/- (അൻപതിനായിരം രൂപ മാത്രം) ആയി നിജപ്പെടുത്തുന്നതിനും തീരുമാനിച്ചു. കരട് വിജ്ഞാപനം അംഗീകരിക്കുന്നതിനു തീരുമാനിച്ചു.

ടി, എൻ.എം. ആർ മെഷീന്റെ ഉപയോഗം കേരള സംസ്ഥാന തലത്തിൽ മുൻഗണനാക്രമത്തിൽ അക്കാദമിക്/ഗവേഷണത്തിന് ആവശ്യമായ എല്ലാവർക്കും ലഭ്യമാക്കുന്നതിനും, സ്കൂൾ ഓഫ് കെമിക്കൽ സയൻസസ്, സ്കൂൾ ഓഫ് പ്യൂവർ ആൻഡ് അപ്ലൈഡ് ഫിസിക്സ്, സ്കൂൾ ഓഫ് ബയോ സയൻസസ്, സ്കൂൾ ഓഫ് എൻവിയോൺമെന്റൽ സയൻസസ് എന്നീ ഡിപ്പാർട്ട്മെന്റ് മേധാവികളും, ഐ.ഐ.ആർ.ബി.എസ്-ന്റെ ഓണററി

ഡയക്ടർ, സ്കൂൾ ഓഫ് കെമിക്കൽ സയൻസസിലെ ഡോ. ജി. അനിൽകുമാർ, ഡോ. എസ്. അനസ് എന്നിവരടങ്ങുന്ന ഒരു നിരീക്ഷണ സമിതി രൂപികരിക്കുന്നതിനും എൻ.എം.ആർ. മെഷീന്റെ അറ്റകുറ്റപ്പണികൾ, ആനുവൽ മെയിന്റനൻസ് കോൺട്രാക്ട്, സ്പയെർ പാർട്ടുകൾ, കൂളന്റ് മുതലായ കൺസ്യൂമബിൾസും മറ്റും ലഭ്യാക്കുന്നതിന് ഐ.ഐ. ആർബി.എസ്-ന്റെ ഓണററി ഡയറക്ടറെ ചുമതലപ്പെടുത്തുന്നതിനും തീരുമാനിച്ചിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഒപ്പ്**
**മനോജ്കുമാർ കെ.എസ്.**
**അസിസ്റ്റന്റ് രജിസ്ട്രാർ-1 (ഭരണവിഭാഗം)**
**രജിസ്ട്രാർക്കു വേണ്ടി**

പകർപ്പ്:

1. വൈസ് ചാൻസിലർ, പ്രൊ-വൈസ് ചാൻസിലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2. രജിസ്ട്രാർ, ഫിനാൻസ് ഓഫീസർ, പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എ.മാർ
3. ഡോ. ജി. അനിൽ കുമാർ, ഓണററി ഡയറക്ടർ/ഡയറക്ടർ ഐ.ഐ.ആർ.ബി.എസ്./സ്കൂൾ ഓഫ് കെമിക്കൽ സയൻസസ്, സ്കൂൾ ഓഫ് പ്യൂവർ ആൻഡ് അപ്ലൈഡ് ഫിസിക്സ്, സ്കൂൾ ഓഫ് ബയോ സയൻസസ്, സ്കൂൾ ഓഫ് എൻവിയോൺമെന്റൽ സയൻസസ്
4. ഡോ. എസ്. അനസ്, സ്കൂൾ ഓഫ് കെമിക്കൽ സയൻസസ്
5. എ.ആർ-1, ഡി.ആർ-1, ജെ.ആർ-1 (ഭ.വി.)
6. എസി.സി./എഡി.ഡി./ജനറൽ ക്യാഷ് 1/ കണ്ടെന്റ് മാനേജ്മെന്റ് സെക്ഷൻ
7. റെക്കോർഡ്സ്/ഐ.ക്യു.എ.സി.
8. സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**

സെക്ഷൻ ഓഫീസർ

ഫയൽ നം. എഡി.എ4/1/21791/2018